# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7114** **16/07/2012 ൽ മറുപടിക്ക്**

## ഉച്ചഭക്ഷണത്തിനായി ലഭിക്കുന്ന കേന്ദ്ര ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് : | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനായി ലഭിക്കുന്ന കേന്ദ്ര ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കാമോ ; | എ) | മെട്രിക് ടണിന് 5650/- രൂപ നിരക്കിൽ അരിയുടെ വിലയും അതിന്റെ ലിഫ്റ്റിംഗ് ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി ഒരു മെട്രിക് ടണിനു 750/- രൂപ നിരക്കിലും ലഭിക്കുന്നു. ഉച്ചഭക്ഷണം പാചകം ചെയ്യുന്ന പാചകതൊഴിലാളി ഒന്നിന് മാസം 750/- രൂപ നിരക്കിലും ലഭിക്കുന്നു. പാചകചെലവിന് എൽ.പി. വിഭാഗത്തിൽ കുട്ടിയൊന്നിന് 2.33 പൈസ നിരക്കിലും, യു.പി. വിഭാഗത്തിൽ 3.49 പൈസ നിരക്കിലും ലഭിക്കുന്നു. കൂടാതെ ഉച്ചഭക്ഷണപദ്ധതിയുടെ മോണിറ്ററിംഗിനായി മേൽപ്പറഞ്ഞ മൊത്തം തുകയുടെ 1.8% തുകകൂടി അനുവദിക്കുന്നു. |
| ബി) | കഴിഞ്ഞ ഒരു വർഷം എന്തു തുക ചെലവഴിച്ചുവെന്നും എന്തു തുക കെട്ടിക്കിടപ്പുണ്ടെന്നും വ്യക്തമാക്കാമോ ; | ബി) | കഴിഞ്ഞ വർഷം ചെലവഴിച്ച തുക 18071.98 ലക്ഷം രൂപ; നീക്കിയിരിപ്പുള്ള തുക 249.75 ലക്ഷം രൂപ. |
| സി) | സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ പരിപടി പഴയതുപോലെ തുടരുന്നതിന് തടസ്സമായ വിദ്യാഭ്യാസ വകുപ്പിലെ ഉത്തരവ് പിൻവലിക്കുമോ ; | സി) & ഡി) | ഉച്ചഭക്ഷണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ഉച്ചഭക്ഷണ പദ്ധതിയിലെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം പ്രദാനം ചെയ്യുന്നതിനുമാണ് നിലവിലെ സംവിധാനം മെച്ചപ്പെടുത്തി 16.06.12 ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| ഡി) | ഉച്ചഭക്ഷണ പരിപാടി തുടർന്നും കാര്യക്ഷമമായി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ